പ്രസിദ്ധീകരണത്തിന്

അശാസ്ത്രീയമായ സാമ്പിൾ സർവ്വേ നടപടികൾ നിർത്തിവെയ്ക്കണമെന്നാവശ്യപ്പെട്ട് നായർ സർവീസ് സൊസൈറ്റി മുന്നാക്കവിഭാഗകമ്മീഷന് അയച്ചിട്ടുള്ള കത്തിനുള്ള കമ്മീഷന്റെ മറുപടി കത്ത് 29.11.2021-ൽ ലഭിച്ചു. സാമ്പിൾ സർവ്വേയെ സംബന്ധിച്ച് എൻ.എസ്.എസ്. ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ ശരിയാണെന്ന് മറുപടികത്തിൽ കമ്മീഷൻ സമ്മതിച്ചിട്ടുണ്ട്.

എൻ.എസ്.എസ്. ആവശ്യപ്പെട്ട പ്രകാരം വിശദവും ശാസ്ത്രീയവുമായ സർവ്വേ നടത്തണമെന്ന ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ആണെന്നും അതിനെ സംബന്ധിച്ച് നാളിതുവരെ സർക്കാർ തീരുമാനം എടുത്തിട്ടില്ല എന്നും അതിനാൽ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി അവസാനിക്കും മുമ്പ് ഏറ്റവും കൂടുതൽ പിന്നാക്കാവസ്ഥയുള്ള ഏതാനും ആളുകൾക്കെങ്കിലും സഹായങ്ങൾ ലഭിക്കണമെന്നുള്ള ഉദ്ദേശത്താലാണ് സാമ്പിൾ സർവ്വേ നടത്താൻ തീരുമാനിച്ചതെന്നും കമ്മീഷന്റെ മറുപടിയിൽ പറഞ്ഞുകാണുന്നു. മുന്നാക്ക ക്ഷേമത്തിനായുള്ള കമ്മീഷൻ ഒരു സ്ഥിരംകമ്മീഷനാണ്. അതിനാൽ ഇപ്പോഴുള്ള കമ്മീഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കും മുമ്പ് ഫലപ്രാപ്തി ലഭിക്കാത്ത നിലയിൽ എന്തെങ്കിലും കാര്യങ്ങൾ ചെയ്തുതീർക്കണമെന്ന കമ്മീഷന്റെ നിലപാട് ന്യായീകരണമില്ലാത്തതും മുന്നാക്കസമുദായങ്ങളുടെ താല്പര്യങ്ങൾക്ക് വിരുദ്ധവുമാണ്.

അതിനാൽ മുന്നാക്കവിഭാഗങ്ങൾക്ക് ഒരു നിലയിലും സഹായകരമല്ലാത്ത സാമ്പിൾ സർവ്വേയിൽ നിന്നും കമ്മീഷൻ പിന്മാറണമെന്നാണ് എൻ.എസ്.എസിന്റെ ഉറച്ച നിലപാട്.

പെരുന്ന
29.11.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി